**റിപ്പോർട്ട് സമർപ്പണം:**

**2014-ലെ ശമ്പളവും ബത്തകളും നൽകൽ ബില്ലിനെ സംബന്ധിച്ച**

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്**

1 മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച 14-ാം വിഷയ നിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. **എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, എസ്റ്റിമേറ്റ് കമ്മിറ്റി (2011–14) അംഗമായ ഞാൻ അദ്ധ്യക്ഷനുവേണ്ടി സമിതിയുടെ 11-ഉം 12-ഉം റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. **ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്**

ശ്രീ തോമസ് ഉണ്ണിയാടൻ: സർ, ഹർജികൾ സംബന്ധിച്ച സമിതി യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. **സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപതും ഇരുപത്തൊന്നും റിപ്പോർട്ടുകൾ**

ശ്രീ. എം. ഉമ്മർ: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപതാമതും ഇരുപത്തൊന്നാമതും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നു.

മി. സ്പീക്കർ: സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി അതിന്റെ 21-ാമത് റിപ്പോർട്ടാണ് ഇന്ന് സഭയിൽ അവതരിപ്പിച്ചത്. ഇതൊരു

റെക്കോർഡാണ്. 7–ാം കേരള നിയമസഭയുടെ കാലയളവിൽ 5 വർഷം കൊണ്ട് 1982–87 19 റിപ്പോർട്ടുകൾ സമർപ്പിച്ചതാണ് നിലവിലുള്ള റെക്കോർഡ്. കഴിഞ്ഞ രണ്ടര വർഷംകൊണ്ട് ശ്രീ. എം. ഉമ്മർ അദ്ധ്യക്ഷനായ സമിതി 21 റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത് അദ്ദേഹത്തെയും സമിതി അംഗങ്ങളേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ചെയർ അഭിനന്ദിക്കുന്നു.

5. **<u>സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്</u>**

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

6. **<u>മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ</u>**

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത്തേയും മൂന്നാമത്തേയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

6. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനകൾ

1. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി <u>ശ്രീ. കെ. പി. മോഹനൻ:</u> സർ, കേരള നിയമസഭയുടെ ചട്ടം 300

പ്രകാരം 'സംസ്ഥാന കാർഷിക വികസന നയം' കരട് 2013 ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നു.

കൃഷിഭൂമി സംരക്ഷിക്കുന്നതും ജലബന്ധിതമായതും മണ്ണിനെ സംബന്ധിക്കുന്നതും കാലാവസ്ഥയെയും പ്രകൃതിയെയും സംബന്ധിക്കുന്നതും കർഷകർക്ക് ആശ്വാസമേകുന്നതും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്ക് കാർഷികവിപണികളെയും വിപണനരീതികളെയും സംബന്ധിക്കുന്ന കാർഷിക വായ്പ വിള സംരക്ഷണം ലാഭകരമായ മൃഗസംരക്ഷണമേഖല ചീര വികസനം പൗൾട്രി വികസനം കൃഷിഫാമുകളുടെ നവീകരണം ഹൈടെക് കൃഷി കാർഷിക ഗവേഷണം ദുർബലവിഭാഗങ്ങളെ ശാക്തീകരിക്കൽ എന്നിവയിലൂടെ കൃഷി മാന്യമായ തൊഴിലും ലാഭകരമായ മേഖലയുമാക്കി കർഷകരെ പ്രോത്സാഹിപ്പിക്കുവാനും യുവതലമുറയ്ക്ക് കാർഷിക വൃത്തി സധൈര്യം ഏറ്റെടുക്കുവാൻ പ്രചോദനമേകുന്ന ജീവൽപ്രമാണമായ നയങ്ങളും നിർദ്ദേശങ്ങളും അടങ്ങിയ നവകാർഷിക കേരളത്തിന്റെ രജതരേഖയും അവകാശപത്രികയുമായ കാർഷിക വികസന നയം കരട് 2013 സഭയുടെ ഗൗരവമായ പരിഗണനയ്ക്കും ഉപദേശ നിർദ്ദേശങ്ങൾക്കും വേണ്ടി ഞാൻ സഭയിൽ വയ്ക്കുന്നു.

മി. സ്പീക്കർ: പൂർണ്ണമായ റിപ്പോർട്ട് എല്ലാ മെമ്പേഴ്സിനും എം.എൽ.എ. ഹോസ്റ്റലിൽ എത്തിക്കും.

2. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, '2014-ലെ കേരള പോഷകാഹാര നയം' സംബന്ധിച്ച കരട് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നു.

പോഷകാഹാരക്കുറവും വിളർച്ചയും ഭാരക്കൂടുതലും അമിതവണ്ണവും പ്രായപൂർത്തിയായവരിലും മുതിർന്നവരിലുമുള്ള ഭക്ഷണപോഷകാഹാര പ്രശ്നങ്ങൾ അതുമൂലമുള്ള രോഗങ്ങൾ എന്നിവയാണ് കേരളത്തിൽ പോഷകാഹാരവിഷയവുമായി ബന്ധപ്പെട്ട പ്രധാന സംഗതികളായി വില യിരുത്തിയിട്ടുള്ളത്. ഇവയ്ക്ക് ഒരു ദീർഘകാലപരിഹാരം കാണുകയും ആരോഗ്യമുള്ള തലമുറകളെ വാർത്തെടുക്കുകയും ചെയ്ത് കേരളത്തെ സമഗ്ര ആരോഗ്യം പുലരുന്ന ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യ ത്തോടെയാണ് പോഷാകാഹാരനയത്തിന് രൂപം നൽകിയിട്ടുള്ളത്. മിഡ്-ഡേ മീൽസ് ഈ നയത്തിന്റെ ഒരു പ്രധാന ഘടകമാണ്. ഈ പോഷകാഹാര നയം അംഗീകരിച്ചുകൊണ്ട് 2014 ഫെബ്രുവരി 4-ാം തീയതി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ജനതയുടെ പോഷകാഹാര നിലവാരം സമഗ്രമായി വികസിപ്പിച്ച് ആരോഗ്യപൂർണ്ണമായ ജനത അധിവസിക്കുന്ന ഒരു കേരളത്തിന്റെ സാക്ഷാത്ക്കാരം വിഭാവനം ചെയ്യുന്ന ഈ നയം ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെയുള്ള ഓരോ ഘട്ടത്തെയും സ്പർശിക്കുന്ന സമീപനം ഉൾക്കൊള്ളുന്നു. ഇത് ദീർഘമായതാണ്. അതുകൊണ്ട് മേശപ്പുറത്ത് വയ്ക്കാൻ ഉദ്ദേശിക്കുന്നു.

മി. സ്പീക്കർ: അങ്ങേയ്ക്കത് മേശപ്പുറത്ത് വയ്ക്കാം..

ഡോ. എം.കെ. മുനീർ: സർ, ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. അതിനു പുറമെ പോഷകാഹാര പോളിസിയുടെ കോപ്പിയും വിതരണം ചെയ്യുന്നതാണ്.

മി. സ്പീക്കർ:. ഇത് അദ്ദേഹം പൂർണ്ണമായി വായിച്ചിട്ടില്ല മേശപ്പുറത്ത് വച്ചിട്ടുണ്ട്. കോപ്പി എല്ലാവർക്കും എത്തിക്കുന്നതാണ്.

(നിയമനിർമ്മാണകാര്യം)